**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ശുചിത്വമിഷന്റെ സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച് **2012 -2013** ലെ ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിൽ **104** ഗുണഭോക്താക്കൾക്ക് **1 m³** ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകിയ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================

## തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം. 3395 /2016/തസ്വഭവ തിരുവനന്തപുരം, തീയതി 14.12.2016

പരാമർശം - 1.കുടാളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 5.9.2013 ലെ A1-1088/13 നമ്പർ കത്ത്

2.ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 13.12.2013 ലെ 2126/C1/2013/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2012 - 2013 - ലെ ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതുപ്രകാരം കുടാളി ഗ്രാമപഞ്ചായത്തിലെ 104 ഗുണഭോക്താക്കൾക്ക് യൂണിറ്റ് ഒന്നിന് 13500 രൂപ നിരക്കിൽ **1 m³** ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങാൻ പാലക്കാട് IRTC യുമായി പഞ്ചായത്ത് കരാറിലേർപ്പെടുകയും പ്ലാന്റുകൾ സ്ഥാപിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ **0.5 m³** ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത് എന്നതിനാൽ 4,92,000/- രൂപ മാത്രമേ ശുചിത്വമിഷൻ ഇതിനായി അനുവദിച്ചിരുന്നുള്ളൂ. ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച് മേൽ പറഞ്ഞ തരത്തിൽ പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ ഐ ആർ ടി സി പാലക്കാടിന് നല്കാനുണ്ടായിരുന്ന 14,04,000/- രൂപയിൽ ഇതിനോടകം നൽകിയിട്ടുള്ള 11,94,000/- രൂപ കഴിച്ച് ബാക്കി 2,10,000/- രൂപ ശുചിത്വമിഷനിൽ നിന്ന് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ മേൽ നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് കുടാളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം ഒന്ന് പ്രകാരം അപേക്ഷിച്ചിരുന്നു.

ഇത് സംബന്ധിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനുമുൻപ് തന്നെ

ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കിയിരുന്നുവെന്നും പഞ്ചായത്തിന്റെ ടി നടപടി ക്രമവിരുദ്ധമാണെന്നും ആയതിനാൽ സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തിയ ഒരു പദ്ധതി ക്രമവൽക്കരിച്ച് പുതുക്കിയ സാങ്കേതികാനുമതി നൽകുവാൻ ശുചിത്വമിഷന് അധികാരമില്ലാത്തതിനാൽ കുടാളി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിന്മേൽ സർക്കാർ തലത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 0.5 $m^3$ ശേഷിയുള്ള 104 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ ശുചിത്വ മിഷൻ നൽകിയ സാങ്കേതിക അനുമതിയിയിൽനിന്ന് വ്യതിചലിച്ച് കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിൽ 2012-2013 ലെ ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി 104 ഗുണഭോക്താക്കൾക്ക് 1 $m^3$ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകിയ ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് പ്ലാൻ മാർഗ്ഗരേഖ പ്രകാരം അർഹമായ സബ്സിഡി തുക ശുചിത്വ മിഷനിൽ നിന്ന് അനുവദിക്കുന്നതിലേക്കായി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/ സെക്രട്ടറി, കുടാളി ഗ്രാമ പഞ്ചായത്ത്, എടയന്നൂർ പി ഒ, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ